**കേരള സർക്കാർ**

**സംഗ്രഹം**

വായ്പകളും മുൻ കൂറുകളും - ക്ലാസ് ഫോർ ജീവനക്കാരുടെയും പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെയും പെൺമക്കളുടെ വിവാഹത്തിന് വായ്പ അനുവദിക്കുന്ന പദ്ധതി - വായ്പാ തുക വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (ലോൺസ്) വകുപ്പ്**

സ.ഉ.(അച്ചടി)നം.82/2023/ധന

തീയതി, തിരുവനന്തപുരം, 01.08.2023

പരാമർശം :- 1. 22.06.2017 -ലെ സ.ഉ.(പി) നം.83/2017/ധന

2. 18.01.2017-ലെ സ.ഉ.(പി) നം.05/2017/ധന

3. 26.02.2018 -ലെ സ.ഉ.(പി) നം.28/2018/ധന

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ക്ലാസ് ഫോർ ജീവനക്കാരുടെയും പരാമർശം (2), (3) എന്നിവയിലെ ഉത്തരവുകൾ പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെയും പെൺമക്കളുടെ വിവാഹ ചെലവുകൾക്ക് 6% പലിശ നിരക്കിൽ, അടിസ്ഥാന ശമ്പളത്തിന്റെ 15 ഇരട്ടി വിവാഹ ധനസഹായ വായ്പയായി അനുവദിച്ചുവരുന്നു. വായ്പതുക പരമാവധി ക്ലാസ് ഫോർ ജീവനക്കാർക്ക് 1,50,000/- രൂപയും, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് 1,00,000/- രൂപയും ആണ്. വിവാഹ വായ്പാ തുക ഉയർത്തണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ക്ലാസ്സ് ഫോർ ജീവനക്കാരുടെ പെൺമക്കളുടെ വിവാഹ ധനസഹായ വായ്പയുടെ പരിധി നിലവിലുള്ള 1,50,000/- രൂപയിൽ നിന്നും 3,00,000/-രൂപയായും (മൂന്നു ലക്ഷം രൂപ മാത്രം), പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരുടെ പെൺമക്കളുടെ വിവാഹ ധനസഹായ വായ്പയുടെ പരിധി നിലവിലുള്ള 1,00,000/- രൂപയിൽ നിന്നും 1,50,000/- രൂപയും (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ഉയർത്തിയും ഉത്തരവാകുന്നു. വായ്പ അനുവദിക്കുന്നതിനുള്ള യോഗ്യത, തിരിച്ചടവ് സംബന്ധമായ ചട്ടങ്ങൾ, വായ്പ അനുവദിക്കുന്ന രീതി, കണക്കുകൾ സംബന്ധമായ നിർദ്ദേശങ്ങൾ എന്നിവ മാറ്റമില്ലാതെ തുടരുന്നതാണ്. ഉയർത്തിയ വായ്പാ തുകയ്ക്ക് ഈ ഉത്തരവിന്റെ തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കും.

3. കേരള ഫിനാൻഷ്യൽ കോഡിൽ ആവശ്യമായ ഭേദഗതികൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രതീപ് കുമാർ. ബി

അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പ്/ ഓഫീസ് മേധാവികൾക്കും.

സെക്രട്ടറിയേറ്റിലെ എല്ലാ ഡിപ്പാർട്ട്മെന്റുകൾക്കും സെക്ഷനുകൾക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ.

രജിസ്ട്രാർ, യൂണിവേഴ്സിറ്റി ഓഫ് കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ.

രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം.

രജിസ്ട്രാർ, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, തൃശ്ശൂർ.

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി, കാലടി.

സെക്രട്ടറി, കേരള ഇലക്ട്രിസിറ്റി ബോർഡ്.

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി/ അണ്ടർ സെക്രട്ടറിമാർക്കും
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ.
നിയമസഭാ സ്പീക്കറുടെ പ്രിൻസിപ്പൽ സെക്രട്ടറി.
മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, കേരള തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ലോകായുക്ത.
ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യം (www.finance.kerala.gov.in)
കരുതൽ കോപ്പി/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Omana

സെക്ഷൻ ഓഫീസർ